എക്കാലത്തും അവർ സമരത്തെ പിന്തുണച്ചതും, ഇന്നും പിന്തുണയ്ക്കുന്നതും. അഹിംസാത്മക സമരം വേണമെന്നതിൽ ഉറച്ച് നിൽക്കുന്നവരുണ്ട്, കോള കമ്പനി ബോംബിട്ട് തകർക്കണമെന്ന് പറയുന്നവരുണ്ട്, സെക്രട്ടേറിയറ്റിന് മുന്നിലാണ് സമരം വേണ്ടതെന്ന് പറയുന്നവരുണ്ട്. അങ്ങനെ വിരുദ്ധാഭിപ്രായങ്ങളുള്ളവരെ കോർത്തിണക്കിക്കൊണ്ട്, പൊതുലക്ഷ്യങ്ങൾക്ക് വേണ്ടി ജനാധിപത്യപരമായി മുന്നേറാൻ കഴിഞ്ഞു എന്നതാണ് പ്ലാച്ചിമട സമരത്തിന്റെ വലിയ നേട്ടം. അത്തരമൊരു ജനാധിപത്യ പരിസരത്തിൽ ശാഠ്യങ്ങൾക്ക് സ്ഥാനമില്ല. കൂട്ടായ തീരുമാനങ്ങൾക്ക് തന്നെയാണ് പ്രസക്തി. ശാഠ്യങ്ങൾ ഐക്യത്തെ നഷ്ടപ്പെടുത്തും. അത്തരം കാര്യങ്ങളിൽ പ്ലാച്ചിമട സമരം തുടർന്നും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. സമരത്തിന്റെ തീവ്രത എന്താണ് എന്നതിലല്ല കാര്യം. സമരത്തിന് ജനാഭിപ്രായം രൂപീകരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് മുഖ്യം.

**10.** വിഭവങ്ങൾക്ക് മേലുള്ള ജനങ്ങളുടെ അധികാരം എന്ന മുദ്രാവാക്യം ശ്രദ്ധേയമായ രീതിയിൽ ഉയർന്നുവന്നത് പ്ലാച്ചിമടയിൽ നിന്നാണ്. ഇന്ത്യയിലെമ്പാടുമുള്ള പല സമരമുഖങ്ങളിൽ നിന്നും ഇപ്പോൾ ആ മുദ്രാവാക്യം ഉയർന്നുവരുന്നുണ്ട്. വിഭവാധികാര രാഷ്ട്രീയത്തിന്റെ അനിവാര്യമായ വികാസത്തെയാണ് അത് സൂചിപ്പിക്കുന്നത്. നിലവിലുള്ള അധികാരവികേന്ദ്രീകരണ നിയമങ്ങളിൽ മാറ്റങ്ങളൊന്നും കൊണ്ടുവരാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞില്ലെങ്കിലും ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. അധികാരം ജനങ്ങളിലേക്ക് എത്തിയാൽ മാത്രം പോരാ. അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ജനതയും അടിസ്ഥാന തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. അതില്ലാതെ ജനങ്ങളിലേക്ക് അധികാരമെത്തിയിട്ട് കാര്യമില്ല. അത്തരം ഘടനാപരമായ മാറ്റത്തെ ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ ജനകീയ സമരങ്ങൾക്ക് ജനങ്ങളെ ശക്തിപ്പെടുത്താൻ കഴിയണം. ■

# രാഷ്ട്രീയ പാർട്ടികളുടെ കാപട്യങ്ങളെ തുറന്നു കാണിക്കണം

**വിജയരാഘവൻ ചേലിയ**

(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** കൊക്കകോളയ്ക്കു നമ്മുടെ ഭരണഘടനാപരമായ അവകാശങ്ങളേയും നിയമവ്യവസ്ഥയേയും മറികടക്കാൻ കഴിയുന്നുവെന്നത് ശരിയാണ്. എന്നാൽ അത് കോളകമ്പനിയുടെ ശക്തികൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. ഏതൊരു മൂലധനശക്തിക്കും ഇന്ത്യയിൽ എവിടെയും ഇതു സാധ്യമാണ്. ഇതിനു കാരണം നമ്മുടെ രാഷ്ട്രീയ നിലപാടുകളാണ്. പലരും വിലപിക്കുന്നതുപോലെ ഇത് 1990കളിൽ തുടങ്ങിയ ഒരു പ്രവണതയല്ല. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ വികസന സങ്കൽപ്പങ്ങളുമായി ബന്ധപ്പെട്ടതാണ്. 1977 ന് മുമ്പ് കൊക്കക്കോള ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നതും, അടിയന്തിരാവസ്ഥയെ തുടർന്നുണ്ടായ രാഷ്ട്രീയ ഉണർവിന്റെ ഫലമായി കമ്പനിയെ കെട്ടുകെട്ടിച്ചതും ചരിത്രം. 2000ത്തിൽ കേരളത്തിലേക്ക് കോളക്കമ്പനിയെ ക്ഷണിച്ചുകൊണ്ടുവന്നത് ഇ.കെ. നായനാരും സുശീലാ ഗോപാലനുമായിരുന്നു. കേരളത്തിന്റെ വിപണിയിൽ ശീതളപാനീയ ദൗർലഭ്യമുണ്ടായിരുന്നതുകൊണ്ടല്ല കോളയെ ക്ഷണിച്ചത്. നമുക്ക് ഇളനീരും സംഭാരവും സർബത്തും നാടൻ സോഡയും പഴച്ചാറുകളുമെല്ലാം അന്നും ഉണ്ട്. വിദേശ മൂലധനം കൊണ്ടേ നാടുനന്നാവൂ എന്ന് വലതുപക്ഷത്തെപ്പോലെ ഇടതുപക്ഷവും കരുതുന്നു. അന്ന് ആ തീരുമാനത്തിനെതിരെ ലോഹ്യവിചാരവേദി നടത്തിയ സമരത്തിൽ ഞാനും പങ്കെടുത്തിട്ടുണ്ട്. ഇടതുവലതു യുവജന സംഘടനകളടക്കം അന്ന് നിശ്ശബ്ദമായി മൂലധന ശക്തികളെ വരവേറ്റു. വേറിട്ട ഒരു വികസന കാഴ്ചപ്പാട് അവർക്ക് ഉണ്ടായിരുന്നില്ല. ഇന്നും പ്ലാച്ചിമട സമരത്തിൽ കേരളത്തിലെ രു രാഷ്ട്രീയ പാർട്ടിയും പ്രത്യക്ഷത്തിൽ പങ്കെടുക്കാതിരിക്കുന്നതും അതിനാലാണ്. മുഖ്യരാഷ്ട്രീയ പാർട്ടികളായ സി.പി.എമ്മിന്റേയും കോൺഗ്രസ്സിന്റേയും സംസ്ഥാന ഭാരവാഹികൾ ഇതുവരെ പ്ലാച്ചിമടയിൽ വന്നില്ലല്ലോ. പാർലമെന്ററി നേതാക്കൾ വരുമായിരിക്കും. അത് കേവലം വോട്ടിനായാണ്. ജനരോഷമുയർന്നപ്പോൾ ഒന്നു തണുപ്പിക്കാൻ എല്ലാ പാർ

ട്ടികളും ചേർന്ന് നടത്തിയ നാടകമാണ് ട്രിബ്യൂണൽ ബിൽ. രണ്ട് വർഷത്തിനിടയിൽ ആ ബില്ലിന് എന്തുപറ്റിയെന്ന് ആരെങ്കിലും അന്വേഷിച്ചോ? ഏതെങ്കിലും യുവജനസംഘടന നമ്മുടെ നിയമസഭയുടെ അന്തസ്സ് സംരക്ഷിക്കാൻ തെരുവിലിറങ്ങിയോ? എല്ലാവരും ബില്ലിന്റെ മരണത്തെ ഉള്ളാലെ ആഗ്രഹിക്കുന്നു. കേന്ദ്രത്തിലാണെങ്കിൽ മന്ത്രിസഭതന്നെ മൂലധനശക്തികളുടെ ദല്ലാളന്മാരുടെ കൂടാരമാണ്. നമ്മുടെ നിയമസഭയുടെ 125-ാം വാർഷികാഘോഷം നടക്കുകയാണല്ലോ. സ്വന്തം തീരുമാനം നടപ്പാക്കാൻ കെൽപ്പില്ലാത്ത നിയമസഭ അഭിമാനമോ/ അപമാനമോ? ജനാധിപത്യ കേരളം ചർച്ചചെയ്യേണ്ട വിഷയമാണിത്. സ്പീക്കറുടെ നേതൃത്വത്തിൽ എല്ലാ എം.എൽ.എമാരും ചേർന്ന് പ്രസിഡണ്ടിനെ കാണണം.

കുടിവെള്ളം നഷ്ടപ്പെട്ടവരോടുള്ള സഹതാപമായി പ്ലാച്ചിമടയും എൻഡോസൾഫാൻ ഇരകളോടുള്ള സഹാനുഭൂതി പ്രകടമാക്കാനുള്ള ഇടമായി കാസർഗോഡും മാറുന്നു. സഹജീവികൾക്ക് ഈ ഗതിവരുത്തിയത് നാം കൂടി ചേർന്നാണെന്നത് മറച്ചുവെയ്ക്കപ്പെടുന്നു

ബില്ലിന് അംഗീകാരം വാങ്ങണം. അല്ലെങ്കിൽ കൂട്ടത്തോടെ രാജിവെയ്ക്കണം. ഇത് കേവലം പ്ലാച്ചിമടയുടെ വിഷമല്ല. നമ്മുടെ ജനാധിപത്യ വ്യവസ്ഥയുടെ അന്തസ്സിന്റെ വിഷയമാണ്.

**2.** ഒരു വ്യാഴവട്ടക്കാലം മുഴുവൻ ഒരു ജനതയ്ക്ക് ഒരുപോലെ അലറിവിളിക്കാൻ കഴിയുമോ? സത്യാഗ്രഹപന്തലിലെ ഹാജരിൽ കുറവുണ്ടായിട്ടുണ്ട്. സമരം ഒരു ഉപജീവന മാർഗമല്ലല്ലോ. ആദിവാസികൾ പൊതുവെ പട്ടിണിക്കാരുമാണ്. അവർക്ക് തൊഴിൽ തേടിപ്പോകേണ്ടതുണ്ട്. അതുകൊണ്ട് സമരം ദുർബലമായെന്ന് കരുതരുത്. പ്ലാച്ചിമട സമരം വിജയിച്ച സമരമാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടാണല്ലോ കോളക്കമ്പനിയെ കൊണ്ടുവന്നവർക്കും പരിലാളിച്ചവർക്കും സമരത്തോട് അനുഭാവം പ്രകടിപ്പിക്കേണ്ടിവന്നത്. ഇന്നാരും തന്നെ പരസ്യമായി കോളക്കമ്പനിക്ക് അനുകൂലമായി രംഗത്തുവരാൻ ധൈര്യപ്പെടില്ല. പിന്നെ വ്യവസായ സെക്രട്ടറിയായിരുന്ന ടി. ബാലകൃഷ്ണന്റെ കാര്യം അയാൾ ഒരു വ്യക്തിയല്ല. രണ്ടുമുന്നണികളുടേയും മനസ്സിന്റെ ആൾരൂപമാണ്. ഇളമരം കരീമിനും, കുഞ്ഞാലിക്കുട്ടിക്കും ഒരുപോലെ പ്രിയപ്പെട്ടവൻ. വാക്കുകളിൽ വ്യത്യാസമുണ്ടെങ്കിലും അടിസ്ഥാന രാഷ്ട്രീയത്തിൽ ഇരുമുന്നണികളും ബാലകൃഷ്ണന്റെ വഴിയിലാണ്. പിന്നെ നികുതിയിളവിന്റെ കാര്യം. അത് പ്രത്യക്ഷമാണെന്നതേയുള്ളൂ. കേവലം അഞ്ചരകോടി രൂപയുടെ ഇടപാട്. എന്നാൽ നൂറുകോടിയോളം മറ്റിനങ്ങളിൽ കമ്പനി പൊതുഖജനാവിലേക്ക് അടയ്ക്കാനുണ്ട്, പോലീസ് സംരക്ഷണത്തിന്റെ വകയിലും മറ്റും. കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും പ്ലാച്ചിമട പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യാൻ കമ്പനി തയ്യാറായില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളുമാണ് അത് ചെയ്തത്. ഇതിന്റെ കുടിശ്ശിക എത്രയുണ്ടാകും? ഇക്കാലത്ത് അച്യുതാനന്ദനും ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രിമാരായിരുന്നിട്ടുണ്ട്. അതിനാൽ സമരം കോളക്കമ്പനിയ്ക്കെതിരെ മാത്രമല്ല സർക്കാരിനെതിരെ കൂടി തിരിച്ചുവിടണം. അത് പ്ലാച്ചിമടയിലെ ആദിവാസികൾ ചെയ്യേണ്ടതല്ല. ജനാധിപത്യബോധമുള്ള എല്ലാവരുടെയും ചുമതലയാണ്. രാഷ്ട്രീയ പാർട്ടികളുടെ കാപട്യങ്ങളെ തുറന്നു കാണിക്കണം. മറുപടി പറയാൻ നിർബന്ധിതമാക്കണം. ഇതിൽ ആക്ടിവിസ്റ്റുകളൊടൊപ്പം സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും മാധ്യമങ്ങളും അണിചേരേണ്ടതുണ്ട്.

**3.** പ്ലാച്ചിമട സമരത്തിനു കാതലായ ഒരു ദൗർബല്യമുണ്ടെന്നു ഞാൻ കരുതുന്നു. സമര സമിതിയിലേയും പ്രദേശത്തേയും ആളുകളെ രാഷ്ട്രീയമായി ബോധവത്കരിക്കാൻ നാം പരാജയപ്പെട്ടിരിക്കുന്നു. കുടിവെള്ള പ്രശ്നം എന്നതിനപ്പുറം സമരത്തിന്റെ വ്യാപ്തി മിക്കവർക്കും ബോധ്യപ്പെട്ടിട്ടില്ല. കൂടങ്കുളത്തിന്റെ കാര്യം നോക്കൂ. അഞ്ചുവയസ്സുകാരൻ മുതൽ മുത്തശ്ശിമാർ വരെ ആണവ അപകടത്തെ കുറിച്ചും സാമ്രാജ്യത്വ വികസനത്തിന്റെ ആപത്തിനെക്കുറിച്ചും എത്ര നേരം വേണമെങ്കിലും നിങ്ങളോട് തർക്കിക്കും. കേരളത്തിലെ സമരങ്ങൾ പലപ്പോഴും ആശയപരമായി വികസിക്കുന്നില്ല. കുടിവെള്ളം നഷ്ടപ്പെട്ടവരോടുള്ള സഹതാപമായി പ്ലാച്ചിമടയും എൻഡോസൾഫാൻ ഇരകളോടുള്ള സഹാനുഭൂതി പ്രകടമാക്കാനുള്ള ഇടമായി കാസർഗോഡും മാറുന്നു. സഹജീവികൾക്ക് ഈ ഗതി വരുത്തിയത് നാം കൂടി ചേർന്നാണെന്നത് മറച്ചുവെയ്ക്കപ്പെടുന്നു.

കൊക്കകോളയെ കൊണ്ടുവന്നതും വളർത്തിയതും എൻഡോസൾഫാൻ തളിച്ചതും നമ്മളൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണ്. ഇതുകൊണ്ട് എന്തെങ്കിലും മെച്ചമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ഗുണഭോക്താക്കളും നാം തന്നെ. പ്രാഥമികമായി അത്രയെങ്കിലും സമ്മതിക്കാനുള്ള ആർജ്ജവം കാണിക്കണം. ഇക്കാര്യങ്ങൾ ജനങ്ങളോടുകൂടി വിശദീകരിക്കാനുള്ള ബാധ്യത ഐക്യദാർഢ്യ സമിതിയുടേതാണ്. ഒരു ദിവസം അഞ്ച് ലക്ഷം ലിറ്റർ ശീതളപാനീയം ഉദ്പാദിപ്പിക്കാനുള്ള ശേഷി കോളക്കമ്പനിക്കുണ്ട്. 200 മില്ലി ലിറ്റർ വീതം നിറച്ചാൽ 25 ലക്ഷം കുപ്പി. ഇത്രയും ഉത്പ്പാദിപ്പിക്കണമെങ്കിൽ ചുരുങ്ങിയത് 2500 കുടിൽ വ്യവസായങ്ങൾ വേണ്ടിവരും. 2500 വീടുകളെ പട്ടിണിക്കിട്ടാണ് 300 പേർക്ക് തൊഴിൽ നൽകിയത്. വികസനത്തിന്റെ ഈ ജനാധിപത്യ വിരുദ്ധത വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കേന്ദ്രീകൃതവും വൻകിടവുമായ വ്യവസായങ്ങൾ ഒരേ സമയം പ്രകൃതിക്കും ജനാധിപത്യത്തിനും നാശമാണ്.

**4.** പ്ലാച്ചിമട സമരം ഉയർത്തിയ ഒരു മുദ്രവാക്യമാണ് ജലാധികാരം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലാധികാര യാത്ര നടത്തിയതിലൂടെ കേരളത്തോട് സംവദിക്കാൻ ഐക്യദാർഢ്യസമിതിക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ഭരണാധികാരികളും, രാഷ്ട്രീയ നേതാക്കളും ഈ വിഷയം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഇന്ന് ഇന്ത്യയിൽ നടക്കുന്ന പ്രമാദമായ എല്ലാ സമരങ്ങളും പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നതിനെതിരെയാണ്. സത്യത്തിൽ പ്രകൃതിവിഭവങ്ങൾ എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. തീർന്നുപോകുന്ന വിഭവങ്ങൾ എത്രത്തോളം ഒരുതലമുറക്ക് ഉപയോഗിക്കാമെന്നതിന് കർശനനിയന്ത്രണം വേണം. പ്രകൃതിവിഭവങ്ങളുടെ വിലനിർണ്ണയിക്കുന്നത് അതിന്റെ ഖനവും സംസ്കരണവും വിതരണവും മാത്രം കണക്കിലെടുത്തായിക്കൂടാ അതിനപ്പുറം ചില മാനദണ്ഡങ്ങൾക്കൂടി വേണ്ടതുണ്ട്. അതായത് പണമുള്ളതുകൊണ്ട് എത്ര വേണമെങ്കിലും ഉപയോഗിക്കാമെന്ന സ്ഥിതിയുണ്ടാകരുത്. ജലം, വായു എന്നിവയുടെ കാര്യത്തിലും ഇതേ ചിന്ത വികസിക്കണം. ഇവ രണ്ടും സ്വകാര്യസ്വത്തല്ല. വിൽപ്പന ചരക്കുമാക്കിക്കൂടാ. ഈ വിഭവങ്ങൾ ജീവരാശിയുടെ അവകാശമാണ് എന്ന ആശയം സമരമുഖങ്ങളിൽ മുഴങ്ങണം. ഇതിന്മേൽ ആർക്കെങ്കിലും അധികാരം വേണമെങ്കിൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമായിരിക്കണം. ഈ ഒരു ആശയത്തെ വികസിപ്പിച്ച് 'ജനാധികാരം' എങ്ങനെ സാധ്യമാക്കാമെന്നും സമരഘട്ടങ്ങളിൽ ഐക്യദാർഢ്യസമിതി ഉന്നയിച്ചതാണ്.

**5.** പ്ലാച്ചിമടയിലെ ജനങ്ങൾ അവരുടെ ദൗത്യം നിർവ്വഹിച്ചുകഴിഞ്ഞു. ഇപ്പോൾ വ്യക്തമാകുന്നത് രാഷ്ട്രീയ കേരളത്തിന്റെ ദൗർബല്യമാണ്. സമരമുഖം പ്ലാച്ചിമടക്കു പുറത്തേക്ക്, ആദ്യം ചിറ്റൂർ മേഖലയിൽ പിന്നീട് പാലക്കാട് ജില്ലയിൽ തുടർന്ന് സംസ്ഥാന തലത്തിൽ ക്രമാനുഗതമായി വികസിപ്പിക്കേണ്ടതായിരുന്നു. എന്നാൽ പ്രാരംഭഘട്ടത്തിൽ തന്നെ മാധ്യമങ്ങളും മറ്റും ആഘോഷമാക്കിയെങ്കിലും വികസനത്തിന്റെ പുതുവഴികൾ വേണ്ടത്ര തെളിഞ്ഞുവന്നില്ല. ഇത് ഒരു വീഴ്ച തന്നെയാണ്. സിംഗൂരും നന്ദിഗ്രാമും ചർച്ച ചെയ്തത്, കൂടംകുളം പറഞ്ഞുകൊണ്ടിരിക്കുന്നത് വികസനത്തിനു മാറ്റൊരു വിഴിവേണമെന്നാണ്. എന്നാൽ പ്ലാച്ചിമട കുടിവെള്ളത്തിനപ്പുറത്തേക്ക്, മലിനീകരണ വിഷയത്തിനപ്പുറത്തേക്ക് ചർച്ച ചെയ്യപ്പെടാതിരിക്കാൻ വ്യവസ്ഥാപിത രാഷ്ട്രീയക്കാരോടൊപ്പം ചില മാധ്യമങ്ങളും ബോധപൂർവ്വം ശ്രമിച്ചു.

**6.** രാഷ്ട്രീയ പ്രവർത്തനത്തിന്റെ മൂന്ന് ആയുധങ്ങളെക്കുറിച്ച് ഡോ. ലോഹ്യ പറഞ്ഞിട്ടുണ്ട്. - ജയിൽ, തൂമ്പ, വോട്ട്. ജയിൽ പ്രക്ഷോഭങ്ങളേയും തൂമ്പ നിർമാണപ്രവർത്തനങ്ങളേയും വോട്ട് അധികാരത്തിനുള്ള ഇച്ഛാശക്തിയേയും പ്രതിനിധാനം ചെയ്യുന്നു. ഇതിൽ ആദ്യ രണ്ട് പ്രതീകങ്ങളും പ്ലാച്ചിമട ഉയർത്തിപിടിച്ചിട്ടുണ്ട്. നിരവധി സമരങ്ങൾക്ക് പ്ലാച്ചിമട സാക്ഷിയായിട്ടുണ്ട്. പ്ലാച്ചിമട ഉത്പന്നങ്ങൾ എന്നപേരിൽ കുടിൽ വ്യവസായ ഉത്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട്. എന്നാൽ മൂന്നാമത്തെ പ്രതീകമായ 'വോട്ട്' രാഷ്ട്രീയായുധമായി ഉപയോഗിക്കാൻ നമുക്കു വേണ്ടുവോളം കഴിഞ്ഞില്ല. മധ്യവർഗ്ഗ മോഹങ്ങളാൽ നിയന്ത്രിതമായ കേരള രാഷ്ട്രീയത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവൽ പ്രശ്നങ്ങൾ വോട്ടാക്കിമാറ്റാൻ എളുപ്പമല്ല. നേരത്തെ സൂചിപ്പിച്ചതുപോലെ നിലവിലെ തിന്മകൾ പൊടുന്നനെ സംഭവിച്ചതല്ല. വികസനത്തിന്റെ പേരിൽ അറിഞ്ഞുകൊണ്ട് സൃഷ്ടിച്ചതാണ്. അതിനാൽ നമ്മുടെ രാഷ്ട്രീയ കക്ഷികളുടെ നേതൃത്വത്തിലുള്ള സവർണ-മധ്യവർഗ-സമ്പന്ന-പ്രവാസി വിഭാഗങ്ങളുടെ ജീവിത ശൈലിക്കെതിരെ കൂടിയായ ഈ സമര

⇨ *അടിമകളെപ്പോലെ മുട്ടുമടക്കി നിൽക്കുന്നതിലെ അപഹാസ്യത ചൂണ്ടിക്കാട്ടണം* ⇨



ഫോട്ടോ: മധുരാജ്

ങ്ങൾ വിജയിപ്പിക്കുക അത്ര എളുപ്പമല്ല. എന്നാൽ പ്ലാച്ചിമട, എൻഡോസൾഫാൻ, ചെങ്ങറ, മൂലമ്പിള്ളി, അതിരപ്പിള്ളി, വിളപ്പിൽശാല, കൂടംകുളം തുടങ്ങിയ സമരങ്ങൾ മുന്നോട്ടുവെയ്ക്കുന്ന രാഷ്ട്രീയമായിരിക്കും നാളത്തെ കേരളത്തെ നയിക്കുക.

**7.** ട്രിബ്യൂണൽ ബില്ല് പാസാക്കിയതിലെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. പ്ലാച്ചിമട ഉന്നതാധികാര സമിതിയുടെ ശുപാർശ തള്ളാൻ കഴിയാത്ത സാഹചര്യത്തിലാണ് ബിൽ പാസ്സായത്. തികച്ചും സാഹചര്യങ്ങളുടെ സമ്മർദ്ദഫലം. എല്ലാ രാഷ്ട്രീയ പാർട്ടികളിലും സമരത്തോട് അനുഭാവമുള്ളവരുണ്ടെന്നത് മറക്കുന്നില്ല. എന്നാൽ കേരളവികസനത്തിന് വിദേശ മൂലധനം കൂടിയേതീരൂ എന്ന് വിശ്വസിക്കുന്നവർക്ക് കോളകമ്പനിയ്ക്കെതിരെ പ്രത്യക്ഷ സമരത്തിനു കഴിയില്ല. ലോകത്തിനു മുന്നിൽ രണ്ടു വികസനവഴികളേയുള്ളൂ. ഒന്ന് വൻകിടോദ്പാദനത്തിന്റേയും മറ്റൊന്ന് ചെറുകിടോദ്പാദനത്തിന്റെയും. ആദ്യത്തേത് ആധുനിക നാഗരികതയുടെ വഴിയാണ്. രണ്ടാമത്തേത് ഗാന്ധിയും ലോഹ്യയും കുമരപ്പയും മറ്റും സ്വപ്നം കണ്ട പുത്തൻ നാഗരികതയുടെ വഴിയും. ആധുനിക നാഗരികത വലിയ യന്ത്രങ്ങളും, നഗരവത്കരണവും, വിപണിവ്യവസ്ഥയും ആവശ്യപ്പെടുമ്പോൾ പുത്തൻനാഗരികത ചെറുയന്ത്രങ്ങളും, വികേന്ദ്രീകൃത സമൂഹങ്ങളും, സഹകരണ വിപണി സമ്പ്രദായവും നിർദ്ദേശിക്കുന്നു. ഇവരെ ആഗോളികരെന്നും, സാർവലൗകികരെന്നും വിഭജിക്കാം. ഇവർ തമ്മിലുള്ള സംഘർഷമായിരിക്കും ഭാവിയുടെ രാഷ്ട്രീയം. അന്ന് ഇന്നത്തെ 'സെലിബ്രിറ്റികളായ' ലോക നേതാക്കൾ മുഴുവൻ ആഗോളികരുടെ പക്ഷത്തും, ലോകമെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകരും പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീ-ദളിത് കറുത്തവർഗ ജനവിഭാഗങ്ങളും അടങ്ങിയ മുന്നണി സാർവലൗകികരുടെ പക്ഷത്തും അണിനിരക്കും. ഈ വിഭജനം തെളിഞ്ഞു വരുന്നേയുള്ളൂ.

**8.** കേരള നിയമസഭാംഗങ്ങളെ അവരുടെ ചുമതല ഓർമിപ്പിച്ചുകൊണ്ടേയിരിക്കണം. ഒരു ബഹുരാഷ്ട്രകുത്തകയ്ക്ക് മുന്നിൽ അടിമകളെപ്പോലെ മുട്ടുമടക്കി നിൽക്കുന്നതിലെ അപഹാസ്യത ചൂണ്ടിക്കാട്ടണം. രണ്ടുവഴികളേ നിയമസഭയ്ക്കു മുന്നിലുള്ളൂ. ഒന്നുകിൽ അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് മാനസസന്താനമായ ട്രിബ്യൂണൽ ബില്ലിന് അംഗീകാരം പിടിച്ചു വാങ്ങുക. അല്ലെങ്കിൽ കൂട്ടത്തോടെ രാജിവെച്ച് പ്രതിഷേധിക്കുക. ഇനിവരുന്ന ദിവസങ്ങളിൽ ഇതിനായി പ്രചാരണ പ്രവർത്തനങ്ങൾ നടക്കണം.

**9,10.** സമരത്തിന്റെ ഇതുവരെയുള്ള അനുഭവങ്ങളിൽ പൂർണ തൃപ്തി ഉണ്ടെന്നു പറയുന്നില്ല. എന്നാൽ ഒരു പുതിയ വികസന രീതിയുടെ ആവശ്യകത, പ്രകൃതിവിഭവങ്ങളിൽ തദ്ദേശ ജനതയ്ക്കുള്ള അധികാരം, പഞ്ചായത്തുകളുടെ രാഷ്ട്രീയാധികാരം എന്നീ വിഷയങ്ങൾ പൊതുസമൂഹത്തിന്റെ പരിഗണനയിലെത്തിക്കാൻ സമരം ഇടയാക്കിയിട്ടുണ്ട്. നിയമസഭ ഏകകണ്ഠമായി ട്രിബ്യൂണൽ ബിൽ പാസ്സാക്കാനിടയായത് ഇതുകൊണ്ടാണല്ലോ. ഇന്ത്യയിൽ തന്നെ ഇത്തരമൊരു ബിൽ ആദ്യമാണെന്ന് ഉറപ്പിച്ചു പറയാം. ■